## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ഇ2/13003/2012 തൈക്കാട്, തിരുവനന്തപുരം-14
തീയതി:

## *സർക്കുലർ*

വിഷയം:- 2011-12 സാമ്പത്തിക വർഷത്തിലെ ഉപകരണങ്ങൾ സംഭരണം - പേയ്മെന്റ് നൽകിയത് - സംബന്ധിച്ച്

സൂചന:- 1) ജി.ഒ (ആർ.റ്റി)നമ്പർ.942/12/തൊഴിൽ തീയതി 22-6-2012.
2) ട്രെയിനിംഗ് ഡയറക്ടറുടെ 28-6-2012-ലെ ഇ2/13003/2012 നമ്പരായ ഉത്തരവും സർക്കുലറും

***************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ 2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐ.സ്-34-ഒ.സി-3 അദർ ഐറ്റംസ് (പ്ലാൻ) ശീർഷകത്തിൽ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയിരുന്നതു പ്രകാരം 9.43 കോടി രൂപ പെൻഡിംഗ് പേയ്മെന്റ് നൽകുന്നതിനായി സൂചന(1) പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് തുക മാറി നൽകുന്നതിനുള്ള അനുമതി സൂചന (2)ലെ ഉത്തരവ്, സർക്കുലർ എന്നിവ പ്രകാരം നൽകുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിൽ നിന്നും വിവിധ കമ്പനികൾക്ക് നൽകിയ വിതരണ ഉത്തരവുകൾ പ്രകാരം പേയ്മെന്റ് നൽകിയോയെന്ന വിവരം താഴെക്കാണുന്ന പ്രൊഫോർമയിൽ 20-07-2012-ന് മുമ്പ് നൽകേണ്ടതാണ്.

| Sl.No | Supply Order No& date | Date of Supply | Whether payment effected, specify the amount | If payment not effected the reason for not effecting payment should be specified, should be specified, **Amount** |
|---|---|---|---|---|
| *(1)* | *(2)* | *(3)* | *(4)* | *(5)* |

ടി കാലയളവിൽ വിതരണ ഉത്തരവ് ലഭിക്കാത്ത പ്രിൻസിപ്പാൾമാർ Nil Report കർശനമായും അയച്ചുതരേണ്ടതാണ്. സർക്കാരിന് അടിയന്തിരമായി മറുപടി നൽകുവാനുള്ള വിഷയമായതിനാൽ മറുപടികൾ മടക്കത്തപാലിൽ തന്നെ അയച്ചുതരുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾ/സൂപ്പർവൈസറി ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി അയയ്ക്കാത്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ ഇനിയൊരറിയിപ്പ് കൂടാതെ സ്വീകരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും
പകർപ്പ് ; സംഭരണ ഫയൽ (ഇ2)

ആർ.ഇ. 16/7/2012